# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.08.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഡൽഹി ഐഐടി യുടെ 57-ാമത് ബിരുദദാന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. നിർമിത ബുദ്ധി അധിഷ്ഠിത കമ്പ്യൂട്ടിംഗ് സൗകര്യം പരം പ്രഗ്യ പ്രകാശനം ചെയ്യും.

   **PM Narendra Modi to attend 57th convocation of IIT Delhi today; to launch AI-based computing facility Param Pragya.**

2. വിദേശ സംഭാവന (നിയന്ത്രണ) ഭേദഗതി ബില്ലിനെതിരെ വിവിധ രാജ്യങ്ങൾ ഉന്നയിച്ച എതിർപ്പുകൾ തള്ളി ഇന്ത്യ. നിയമനിർമ്മാണം രാജ്യത്തിന്റെ ആഭ്യന്തര കാര്യമെന്ന് വിദേശകാര്യ മന്ത്രാലയം.

   **India rejects foreign objections to Foreign Contribution (Regulation) Amendment Bill; MEA terms legislation an internal matter.**

3. രാജ്യത്തെ യുപിഐ സംവിധാനം സൗജന്യമായി നൽകുന്നത് തുടരുമെന്ന്, പേയ്മെന്റ് കൗൺസിൽ ഓഫ് ഇന്ത്യ.

   **UPI will continue to be free for consumers; says Payments Council of India**

4. കേരളത്തിൽ ഇന്ന് വ്യാപക മഴയ്ക്ക് സാധ്യത. ഏഴ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യ ബന്ധനത്തിന് വിലക്ക്.

   **Widespread rain likely in Kerala today; orange alert in seven districts; fishing banned along Kerala-Karnataka-Lakshadweep coasts.**

5. പാക് അധീന കശ്മീരിൽ പ്രതിഷേധക്കാർ കൊല്ലപ്പെട്ട സംഭവത്തിൽ നിഷ്പക്ഷ അന്വേഷണം നടത്തണമെന്ന് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്.

   **UN Secretary-General Antonio Guterres calls for impartial probe into killing of protesters in Pakistan-occupied Kshmir.**

6. സെന്റ് ലൂയിസ് റാപ്പിഡ് ആൻഡ് ബ്ലിറ്റ്സ് കിരീടം നേടി ഇന്ത്യൻ ഗ്രാൻറ്മാസ്റ്റർ ആർ. പ്രഗ്നാനന്ദ.

**Grandmaster R Praggnanandhaa wins maiden St. Louis Rapid & Blitz Title.**

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## VP VIST

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണന്റെ രണ്ട് ദിവസത്തെ ആൻഡമാൻ നിക്കോബാർ ദ്വീപ് സന്ദർശനത്തിന് ഇന്ന് തുടക്കം. സെല്ലുലാർ ജയിൽ ദേശീയ സ്മാരകത്തിൽ രക്തസാക്ഷികൾക്ക് അദ്ദേഹം ഇന്ന് ആദരാഞ്ജലി അർപ്പിക്കും. നാളെ, ശ്രീ. വിജയ് പുരത്തിലെ ഫ്ലാഗ് പോയിന്റിൽ ഹർ ഘർ തിരംഗ പ്രചാരണ പരിപാടിയിലും ഉപരാഷ്ട്രപതി പങ്കെടുക്കും. തുടർന്ന് നേതാജി സുഭാഷ് ചന്ദ്രബോസ് ദ്വീപും സന്ദർശിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PM- IIT DELHI (INTRO)

ഡൽഹി ഐഐടി യുടെ 57-ാമത് ബിരുദദാന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. ഐഐടിയുടെ സോണിപത് കാമ്പസിൽ സ്ഥാപിച്ചിരിക്കുന്ന നിർമിത ബുദ്ധി അധിഷ്ഠിത കമ്പ്യൂട്ടിംഗ് സൗകര്യമായ പരം പ്രഗ്യ അദ്ദേഹം ചടങ്ങിൽ പ്രകാശനം ചെയ്യും.

വിശദാംശങ്ങളിലേക്ക്.........

(ഹോൾഡ് വോയ്സ്...........)

രാഷ്ട്രപതിയുടെ സ്വർണ്ണ മെഡൽ ഉൾപ്പെടെ മികച്ച പ്രകടനത്തിനുള്ള വിവിധ അംഗീകാരങ്ങൾ പ്രധാനമന്ത്രി വിദ്യാർത്ഥികൾക്ക് സമ്മാനിക്കും. ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും 587 പി.എച്ച്.ഡി ഗവേഷകരും ഉൾപ്പെടെ മൂവായിരത്തിലധികം വരുന്ന വിദ്യാർത്ഥികളെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. നൂതന ഗവേഷണ, മേഖലകളിൽ ഐ.ഐ.ടി ഡൽഹി എക്കാലവും മികച്ച സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

ന്യൂസ് ഡെസ്ക് ആകാശവാണി

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## AMIT SHAH-NUCFDC OFFICE

ആഭ്യന്തരമന്ത്രി അമിത് ഷാ, ദേശീയ അർബൻ സഹകരണ സാമ്പത്തിക വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ പുതിയ ഓഫീസ് മുംബൈയിൽ ഉദ്ഘാടനം ചെയ്യും. അർബൻ സഹകരണ ബാങ്ക് ഫെഡറേഷനുകളുടെയും

ജില്ലാ അസോസിയേഷനുകളുടെയും പ്രതിനിധികളുമായി അദ്ദേഹം സംവദിക്കും. മേഖലയിലെ സൈബർ സുരക്ഷ, സാങ്കേതിക വിദ്യ എന്നിവ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട്, NUCFDC യും ദേശീയ ഫോറൻസിക് സയൻസസ് യൂണിവേഴ്സിറ്റിയും തമ്മിൽ ധാരണാപത്രം ചടങ്ങിൽ കൈമാറും.

## JITENDRA - QUANTUM COMMUNICATION

രാജ്യത്തിന്റെ സാമ്പത്തിക പരിവർത്തനത്തിന്റെ നിർണായക ചാലക ശക്തിയായി ഫിൻടെക് മേഖല മാറിയെന്ന്, കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ നടന്ന മൂന്നാമത് ഇന്ത്യ - ഇന്റർനാഷണൽ ഫിൻടെക് ഫെസ്റ്റിവലിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ബാങ്കിംഗ് മേഖല, ധനകാര്യ സ്ഥാപനങ്ങൾ, സാങ്കേതികവിദ്യാ കമ്പനികൾ, സ്റ്റാർട്ടപ്പു കൾ എന്നിവ തമ്മിലുള്ള ശക്തമായ സഹകരണം ഫിൻടെക് മേഖലയുടെ വളർച്ചയ്ക്ക് കാരണമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

## MEA- BRIEFING (INTRO)

വിദേശ സംഭാവന (നിയന്ത്രണ) ഭേദഗതി ബില്ലിനെതിരെ വിവിധ രാജ്യങ്ങൾ ഉന്നയിച്ച എതിർപ്പുകൾ തള്ളി ഇന്ത്യ. നിയമനിർമ്മാണ കാര്യങ്ങൾ രാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങളാണെന്നും അതിൽ പാർലമെന്റാണ് തീരുമാനങ്ങൾ എടുക്കുന്നതെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി. അമേരിക്ക ഉൾപ്പെടെയുള്ള നിരവധി രാജ്യങ്ങൾ വിദേശ ഫണ്ടിൻറെ ഒഴുക്ക് നിയന്ത്രിക്കുന്നുണ്ടെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീന ഒരു സ്വകാര്യ മാധ്യമ സ്ഥാപനത്തിന്റെ പരിപാടിയിൽ പറഞ്ഞ കാര്യങ്ങൾ ഇന്ത്യൻ സർക്കാരിൻറെ നിലപാടല്ലെന്നും വിദേശകാര്യ വക്താവ് വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്........)

## UNHINTERED NAVIGATION IN INTERNATIONAL WATERS

അന്താരാഷ്ട്ര ജലാശയങ്ങളിലൂടെയുള്ള സുരക്ഷിതവും തടസ്സമില്ലാത്തതു മായ കപ്പൽ ഗതാഗതത്തിനും സ്വതന്ത്ര വാണിജ്യ വ്യാപാരത്തിനുമുള്ള

ശക്തമായ ആഹ്വാനം ആവർത്തിച്ച് ഇന്ത്യ. ഇന്ത്യൻ കപ്പലുകളുടെയും നാവികരുടെയും സുരക്ഷയ്ക്ക് രാജ്യം വലിയ മുൻഗണനയാണ് നൽകുന്ന തെന്നും വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

## NPCI-DIGITAL PAYMENTS

രാജ്യത്തെ യുപിഐ സംവിധാനം സൗജന്യമായി നൽകുന്നത് തുടരുമെന്ന്, പേയ്മെന്റ് കൗൺസിൽ ഓഫ് ഇന്ത്യ. ഉപഭോക്താക്കൾക്ക്, ചാർജുകളി ല്ലാതെ തൽക്ഷണ ഡിജിറ്റൽ പേയ്മെന്റുകൾ നടത്തുന്നത് തുടരാനാകു മെന്നും, ഡിജിറ്റൽ പേയ്മെന്റുകൾ സ്വീകരിക്കുന്നതിന് ചെറുകിട വ്യാപാരി കളിൽ നിന്ന് നിരക്ക് ഈടാക്കില്ലെന്നും പിസിഐ അറിയിച്ചു.

## UN CHIEF-PoJK

പാകിസ്ഥാൻ അധിനിവേശ കശ്മീരിൽ പ്രതിഷേധക്കാരുടെ കൊലപാതകങ്ങളിൽ നിഷ്പക്ഷ അന്വേഷണം നടത്തണമെന്ന് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. നേരത്തെ, യുഎൻ മനുഷ്യാവകാശ ഹൈക്കമ്മീഷണർ വോൾക്കർ ടർക്ക്, ഇത്തരം സംഭവങ്ങളിൽ വേഗത്തിലും സമഗ്രമായും നിഷ്പക്ഷമായും അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. മേഖലയിലെ തിരഞ്ഞെടുപ്പ് ക്രമക്കേടുകൾക്കെതിരെ ജോയിന്റ് അവാമി ആക്ഷൻ കമ്മിറ്റി നയിച്ച പ്രകടനങ്ങളിൽ ഏകദേശം 50 പ്രതിഷേധക്കാർ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ട്.

## LS JAISHANKAR PAK

ഭീകരതയും ശത്രുതയും അക്രമവുമില്ലാത്ത അന്തരീക്ഷത്തിൽ മാത്രമേ പാകിസ്ഥാനുമായുള്ള ഇന്ത്യയുടെ ബന്ധത്തിന് മുന്നോട്ടുപോകാനാകൂ എന്ന് കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ഇന്നലെ ലോക്സഭ യിൽ രേഖാമൂലം നൽകിയ മറുപടിയിലാണ്, അതിർത്തി കടന്നുള്ള ഭീകരവാദ നയം പാകിസ്ഥാൻ പിന്തുടരുന്നതായി ശ്രീ ജയശങ്കർ പറഞ്ഞത്.

## RAIN KERALA

കേരളത്തിൽ ഇന്ന് വ്യാപക മഴയ്ക്ക് സാധ്യത. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കോഴിക്കോട് വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുള്ളതിനാൽ കേരളം, കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തി. അതി തീവ്ര മഴ കണക്കിലെടുത്ത് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശൂർ, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. കോഴിക്കോട് ജില്ലയിൽ പ്രൊഫഷണൽ കോളേജുകൾ ഒഴികെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധിയായിരിക്കും.

## SUPPLYCO MEGA TRADE FARE

സപ്ലൈകോ ഓണം മെഗാ ട്രേഡ് ഫെയറിന്റെ സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് എറണാകുളം കലൂരിൽ നിർവഹിക്കും. കോഴിക്കോട് ബീച്ചിലും, കലൂർ സ്റ്റേഡിയം ഹെലിപാഡ് ഗ്രൗണ്ടിലും തിരുവനന്തപുരം പുത്തരിക്കണ്ടം നായനാർ പാർക്കിലും മെഗാ ട്രേഡ് ഫെയർ ആയാണ് ഇത്തവണ ഓണം മേള സംഘടിപ്പിക്കുന്നത്.

## SPECIAL TRAIN (INTRO)

ഓണക്കാലത്തെ തിരക്ക് ഒഴിവാക്കാനായുള്ള സ്പെഷൽ ട്രെയിനുകളുടെ എണ്ണം 112 ആയി. തമിഴ്നാട്, കർണാടക, ആന്ധ്രാ പ്രദേശ്, തെലങ്കാന എന്നിവിടങ്ങളിലേക്കാണ് കൂടുതൽ സർവ്വീസുകൾ.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**
**(ഹോൾഡ് വോയ്സ്........)**

## CHESS-PRAGGNANANDHAA

ഇന്ത്യൻ ഗ്രാൻറ്മാസ്റ്റർ ആർ. പ്രഗ്നാനന്ദ, അമേരിക്കയിൽ നടന്ന സെന്റ് ലൂയിസ് റാപ്പിഡ് ആൻഡ് ബ്ലിറ്റ്സ് കിരീടം നേടി. ടൂർണമെന്റിൽ ഒരു റൗണ്ട് ശേഷിക്കെയാണ് പ്രഗ്നാനന്ദയുടെ നേട്ടം. 22 പോയിന്റ് നേടിയ ഉസ്ബെക്കിസ്ഥാന്റെ ജാവോഖിർ സിന്ദറോവിനാണ് രണ്ടാം സ്ഥാനം. ഈ നേട്ടത്തോടെ ഗ്രാന്റ് ചെസ് ടൂറിൽ രണ്ടാം സ്ഥാനത്തെത്താൻ പ്രഗ്നാനന്ദയ്ക്ക് കഴിഞ്ഞു.

## NT KOREA MASTERS BADMINTON

കൊറിയ മാസ്റ്റേഴ്സ് സൂപ്പർ 300 ബാഡ്മിൻറൺ ടൂർണമെന്റിന്റെ വനിതാ സിംഗിൾസ് സെമിഫൈനലിൽ ഇന്ന് ഇന്ത്യൻ താരം അഷ്മിത ചാലിഹ ഇന്ത്യയുടെ തന്നെ രക്ഷിത രാംരാജിനെ നേരിടും. ഇരുവരും ക്വാർട്ടർ ഫൈനൽ മത്സരങ്ങളിൽ വിജയിച്ച് സെമിഫൈനലിലേക്ക് മുന്നേറുക യായിരുന്നു.

## HAR GHAR THIRANGA

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഇത്തവണയും രാജ്യത്തുടനീളം ഹർ ഘർ തിരംഗ പരിപാടിയിൽ ആവേശകരമായ പങ്കാളിത്തം. ഈ മാസം 15-ന് മുൻപായി MyGov പ്ലാറ്റ്ഫോമിലൂടെ വൈവിധ്യമാർന്ന ആശയങ്ങളും നിർദ്ദേശങ്ങളും പങ്കുവെക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളോട് ആഹ്വാനം ചെയ്തു.

## BRICS MEETING BHUBANESWAR

പ്രതിസന്ധികളെ ചെറുക്കാൻ ശേഷിയുള്ളതും വിജ്ഞാനാധിഷ്ഠിതവും സുസ്ഥിരവുമായ വിദ്യാഭ്യാസ രീതികൾ കെട്ടിപ്പടുക്കുന്നതിന് ബ്രിക്സ് രാഷ്ട്ര ങ്ങൾ സഹകരണം ശക്തമാക്കണമെന്ന് ആഹ്വാനം ചെയ്ത് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രള്ഹാദ് ജോഷി. ഭുവനേശ്വറിൽ നടന്ന പതിമൂന്നാമത് ബ്രിക്സ് വിദ്യാഭ്യാസ മന്ത്രിമാരുടെ യോഗത്തെ അഭിസംബോധന ചെയ്യുക യായിരുന്നു അദ്ദേഹം. പരസ്പര ബഹുമാനത്തോടെയും സമത്വത്തോടെയും വിദ്യാഭ്യാസ മേഖലയിലെ സഹകരണം വർധിപ്പിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

## ISRAEL INDIA

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് നന്ദി അറിയിച്ച് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു. ഇരുനേതാക്കളും തമ്മിൽ നടത്തിയ ടെലിഫോൺ സംഭാഷണത്തെക്കുറിച്ച് പ്രധാനമന്ത്രി പങ്കുവെച്ച കുറിപ്പിന് മറുപടിയായാണ് ഇസ്രയേൽ പ്രധാനമന്ത്രി നന്ദി അറിയിച്ചത്. വിവിധ

മേഖലകളിലെ ഉഭയകക്ഷി സഹകരണം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ആവർത്തിച്ചു. ഇന്ത്യ - ഇസ്രയേൽ ഉഭയകക്ഷി ബന്ധത്തെക്കുറിച്ചും പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യങ്ങളെക്കുറിച്ചും ഇരുവരും ചർച്ച നടത്തിയിരുന്നു.